**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1514** **11-09-2023 - ൽ മറുപടിയ്ക്ക്**

**വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷയുടെ ഉത്തരപേപ്പർ മൂല്യനിർണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2022-ലും 2023-ലും നടന്ന വൊക്കേഷണൽ ഹയർ സെക്കൻഡറി ഒന്നാംവർഷ, രണ്ടാംവർഷ പൊതു പരീക്ഷകളുടെ ഉത്തരപേപ്പർ മൂല്യനിർണയം നടത്തിയ പയ്യന്നൂർ മേഖലയിലുള്ള അദ്ധ്യാപകർക്ക് ഡി.എ., ടി.എ., ഉത്തരപേപ്പർ മൂല്യനിർണ്ണയ വേതനം എന്നിവ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഇല്ല.<br><br>2022 ലും 2023 ലും നടന്ന വി.എച്ച്.എസ്.ഇ ഒന്നും രണ്ടും വർഷ പൊതുപരീക്ഷയുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തിയ പയ്യന്നൂർ മേഖലയിലുള്ള അദ്ധ്യാപകർക്ക് ഡി.എ /റ്റി.എ, ഉത്തരപേപ്പർ മൂല്യനിർണ്ണയ വേതനം നൽകാനുള്ളതിൽ 2022 ഒന്നാം വർഷ മൂല്യനിർണ്ണയ ക്യാമ്പിന് നൽകാനുള്ള തുക 12,23,842/- രൂപ 09/06/2023 തീയതിയിലെ വി.എക്സ്4/1132/22 നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. 2022 മാർച്ച് രണ്ടാം വർഷത്തെ തുകയായ 9,61,220/- രൂപ വി.എക്സ്4/835/2022, തീയതി.01/09/2022 ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | 2021-ലെ ഒന്നാംവർഷ രണ്ടാംവർഷ പരീക്ഷ, 2021-ലെ ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷ, 2022-ലെ ഒന്നാംവർഷ രണ്ടാംവർഷ പരീക്ഷ, 2022-ലെ ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷ, 2023-ലെ ഒന്നാംവർഷ രണ്ടാംവർഷ പരീക്ഷ എന്നീ വൊക്കേഷണൽ ഹയർ സെക്കൻഡറി പൊതു പരീക്ഷകളുടെ ഇൻവിജിലേഷൻ, ഡെപ്യൂട്ടി സൂപ്രണ്ട് ഡ്യൂട്ടികൾ നിർവ്വഹിച്ച പയ്യന്നൂർ മേഖലയിലുള്ള അദ്ധ്യാപകർക്ക് ഡി.എ., ടി.എ., ഉൾപ്പടെയുള്ള വേതനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ? | (ബി) | 2021-ലെ ഒന്നും രണ്ടും വർഷ പരീക്ഷകൾ, 2021-ലെ ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷ, 2022-ലെ ഒന്നും രണ്ടും വർഷ പരീക്ഷകൾ, 2022-ലെ ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷ, 2023-ലെ ഒന്നാം വർഷ രണ്ടാം വർഷ പരീക്ഷ എന്നീ വി.എച്ച്.എസ്.ഇ പൊതുപരീക്ഷകളുടെ ഇൻവിജിലേഷൻ, ഡെപ്യൂട്ടി സൂപ്രണ്ട് ഡ്യൂട്ടികൾ നിർവ്വഹിച്ച പയ്യന്നൂർ മേഖലയിലെയും മറ്റ് മേഖലകളിലേയും അദ്ധ്യാപകർക്ക് ഡി.എ /റ്റി.എ, ഉൾപ്പെടെയുള്ള വേതനം നൽകാൻ കഴിഞ്ഞിട്ടില്ല. NSQF പ്രായോഗിക പരീക്ഷക്കു വേണ്ടിയുള്ള ചെലവിന് SSK യിൽ നിന്ന് ലഭ്യമായ ഫണ്ട് അപര്യാപ്തമായതിനാൽ തനത് ഫണ്ടിൽ നിന്നും NSQF പ്രായോഗിക പരീക്ഷയുടെ ചെലവിനായി ഉപയോഗിക്കേണ്ടി വന്നു. ആയതിനാലാണ് സ്കൂളുകൾക്ക് മേൽപ്പറഞ്ഞ ചെലവുകൾക്കുള്ള തുക നൽകുവാൻ സാധിക്കാഞ്ഞത്. ഫണ്ട് ലഭ്യമാകുന്ന |

| | | | |
|---|---|---|---|
| | | | മുറയ്ക്ക് പരീക്ഷ ചെലവുകൾക്ക് ചെലവായ തുക അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ